
# ബൈബിൾ ട്രൂത്ത്



YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9:00 to 9:15 P.M.
Fridays — 7:45 to 8:00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12:45 to 1:00 P.M.
Tuesdays — 9:00 to 9:15 P.M.
Thursdays — 9:00 to 9:15 P.M.
Fridays — 9:00 to 9:15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2:30 to 2:45 P.M.
Tuesdays — 2:30 to 2:45 P M.
Thursdays— 2:30 to 2:45 P.M.
Fridays — 2:30 to 2:45 P.M.
Saturdays— 2:30 to 2:45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5:30 to 5:45 P.M.
Thursdays — 6:45 to 7:00 P.M.
Sundays — 6:45 to 7:00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3:15 to 3:30 P.M.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004
Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE — J. C. CHOATE

*** *** ***

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിൻെറ പുനരേകീകരണം

Vol 6 | October 1992 | No. 7

## എഡിറേറാറിയൽ

സ്വപ്നം യാഥാർത്ഥ്യമായി തീരുമെന്നു വ്യാമോഹിക്കുന്നവരുണ്ട്. ദർശനങ്ങൾ, സ്വപ്നങ്ങൾ എന്നിവയെ തെററിദ്ധരിച്ചിരിക്കുന്ന ആളുകൾ ധാരാളമുണ്ട്. എന്നോടു ഒരാൾ പറയുകയുണ്ടായി: ഞാൻ സുവിശേഷകനായി തീർന്നതു എൻെറ അമ്മക്കു ഉണ്ടായ ഒരു ദർശനത്തിൻെറ അനന്തര ഫലമായാണ്'' നമ്മുടെ ഉപബോധ മനസിലെ ചില തീരുമാനങ്ങളാണ് ഇത്തരം സന്ദർഭങ്ങളിൽ പുറത്തു വരുന്നതു. അതു ദൈവസന്ദേശമാണ്; ദൈവത്തിൽ നിന്നു കിട്ടിയ ദർശനമാണ് എന്നെല്ലാം പറയുന്നതു വെറുതെയാണ്. ദൈവം ഇന്ന് ആർക്കും പ്രത്യേക ദർശനം നടത്തുന്നില്ല. സ്വപ്നത്തിൽ കൂടെ സംസാരിക്കുന്നുമില്ല. പണ്ടു സംസാരിച്ചിരുന്നു എന്നതു ശരിയാണ്. പക്ഷേ ഇന്നു ദൈവം തൻെറ പുത്രനായ ക്രിസ്തുവിൽ കൂടെ സംസാരിക്കുന്നു. അപ്രകാരമുള്ള ഒരറിവ് ഇല്ലാത്തതുകൊണ്ടാണ് പലരും ഇത്തരം ഊഹാപോഹങ്ങളിൽ എത്തിച്ചേരുന്നതു. ചിലർ സ്വപ്നം കണ്ടതു പോലെ നടക്കുന്നുണ്ടല്ലോ എന്നു വാദിച്ചേക്കാം. നമ്മുടെ ആഗ്രഹങ്ങൾ അഥവാ മോഹങ്ങളാണ് സ്വപ്നത്തിൽ കാണുന്നതു. ചിലതു നടക്കാം. മററുചിലതു നടന്നില്ലെന്നു വരാം. ദൈവം പൊതുവായി എല്ലാവർക്കും ഒരുക്കിയിരിക്കുന്ന നന്മകളാണ് നാം അനുഭവിക്കുന്നതു. സങ്കല്പങ്ങളായവയല്ല എന്നർത്ഥം.

പി.കെ. വർഗീസ്

# വിസ്മയാവഹമായ സൃഷ്ടിതം.

J. C. ചോട്ട്

ലോകം ചില കാര്യങ്ങളിൽ ബുദ്ധിയും വിവേകവും സമർത്ഥമായി ഉപയോഗിക്കുകയും മററു കാര്യങ്ങളിൽ അറിവില്ലായ്മയും അജ്ഞതയും ആണ് പ്രകടിപ്പിക്കുന്നത്. നാം കാണുന്ന ഭൂമിയും പ്രപഞ്ചവും, നക്ഷത്രങ്ങളും ഗ്രഹങ്ങളും എല്ലാം കോടിക്കണക്കിന് വർഷങ്ങൾക്കു മുൻപ് യാദൃശ്ചികമായുണ്ടായ മാററങ്ങളുടെ പ്രതിഭാസമാണ് എന്ന് അനുമാനിക്കാൻ ആളുകൾക്ക് എത്ര എളുപ്പത്തിൽ കഴിയുന്നു. ജീവൻ പോലും ഇതിൽ ഉൾപ്പെടുത്തിയിരിക്കയാണ്. നിസ്സാരന്മാരായ ആളുകൾക്കു പോലും ഇതിനേക്കാൾ കൂടുതൽ അറിയാവുന്നതാണ്. ദൈവത്തിൽ നിന്നും അവന്റെ സൃഷ്ടിപ്പിൽ നിന്നും മനുഷ്യൻ ഇത്രയും അകന്നു വിദൂരതയിൽ എത്താൻ കാരണമെന്താണ് (ഉല്പത്തി 1:1) സങ്കീർത്തനത്തിൽ ദാവീദ് പറയുന്നത്: ദൈവം ഇല്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു" (സങ്കീർത്തനം 14:1)

പല കാര്യങ്ങളും നാം പരിഗണിക്കേണ്ടതാണ്. സൂര്യനിലേക്കു നോക്കൂ! അതവിടെ ഇല്ലാതിരുന്നെങ്കിലോ ?അതു കുറച്ചു കൂടെ നമ്മോട് അടുത്തായിരുന്നെങ്കിലോ? ഭൂമിയും സൂര്യനും തമ്മിലുള്ള അകലത്തിന് വ്യത്യാസം സംഭവിച്ചാൽ എന്തുണ്ടാകും എന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ ? ഒന്നുകിൽ തണുത്തു മരവിക്കും അല്ലെങ്കിൽ വെന്ത് ഉരുകി പോകും. അവയെല്ലാം എങ്ങനെ അവിടെ വന്നു ? അവയെല്ലാം ഇങ്ങനെ പ്രവർത്തിക്കുന്നത് എന്തു കൊണ്ട് ? തീർച്ചയായും ഏതോ ഒരു ശക്തി അതിന്റെ പിന്നിൽ ഉണ്ടാകണം ? അത് ദൈവമല്ലാതെ മററാരും ആകയില്ല. വീണ്ടും അനേക വർഷങ്ങൾക്ക് മുൻപ് സങ്കീർത്തനക്കാരനായ ദാവീദ് , അരുളിച്ചെയ്തിരിക്കുന്നത്:

യഹോവെക്കു സ്തോത്രം ചെയ്‌വിൻ. അവൻ നല്ലവനല്ലൊ; അവന്റെ ദയ എന്നേക്കുമുള്ളതു. ദൈവാധി ദൈവത്തിന്നു സ്തോത്രം ചെയ്‌വിൻ അവന്റെ ദയ എന്നേക്കുമുള്ളതു. കർത്താധി കർത്താവിന്നു സ്തോത്രം ചെയ്‌വിൻ അവന്റെ ദയ എന്നേക്കുമുള്ളതു. ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നവന്നു- അവന്റെ ദയ എന്നേക്കുമുള്ളതു. ജ്ഞാനത്തോടെ ആകാശങ്ങളെ ഉണ്ടാക്കിയവന്നു- അവന്റെ ദയ എന്നേക്കുമുള്ളതു. ഭൂമിയെ വെള്ളത്തിന്മേൽ വിരിച്ചവന്നു അവന്റെ ദയ എന്നേക്കുമുള്ളതു. വലിയ വെളിച്ചങ്ങളെ ഉണ്ടാക്കിയവന്നു- അവന്റെ ദയ എന്നേക്കുമുള്ളതു. പകൽ വാഴുവാൻ സൂര്യനെയും അവന്റെ ദയ എന്നേക്കുമുള്ളതു; രാത്രി വാഴുവാൻ ചന്ദ്രനേയും നക്ഷത്രങ്ങളേയും ഉണ്ടാക്കിയവന്നു- അവന്റെ ദയ എന്നേക്കുമുള്ളതു (സങ്കീർത്തനം 136:1-9).

മനോഹരങ്ങളായ വൃക്ഷ ലതാദികൾ, പുഷ്പങ്ങൾ എന്നിവയെ പറ്റി നിങ്ങൾ എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ ? അവയെല്ലാം തന്നെ അതാതു വിത്തിൽ നിന്നു ഓരോ കാലത്ത് ഉത്ഭവിക്കുന്നു. അവയൊന്നും അതിൽ വീഴ്ച്ച വരുത്താറില്ല. എല്ലായ്പോഴും അതങ്ങനെ തുടരുന്നു. ഇതെല്ലാം എവിടെ നിന്നു ഉണ്ടായി ? ആരാണ് അതിനെയെല്ലാം അവിടെ ആക്കിയതു; നമ്മുടെ ഭൗതിക നില നില്പിനും ജീവിതത്തിനും ആവശ്യമുള്ള പലതും ആണ് ഇവയിൽ ഉള്ളതു. ഒരു ചിത്രീകരണത്തിൽ യേശുക്രിസ്തു നമ്മെ ഗ്രഹിപ്പിക്കുന്നതു നോക്കുക. "ഉടുപ്പിനെക്കുറിച്ചു വിചാരപ്പെടുന്നതും എന്തു ? വയലിലെ താമര എങ്ങനെ വളരുന്നു എന്നു നിരൂപിപ്പിൻ; അവ അദ്ധ്വാനിക്കുന്നില്ല; നൂല്ക്കുന്നതുമില്ല. എന്നാൽ ശലോമോൻ പോലും തന്റെ സർവ്വ മഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ചമയിക്കുന്നുവെങ്കിൽ അല്പ വിശ്വാസികളേ നിങ്ങളെ എത്ര അധികം (മത്തായി 6: 28-30).

ആകാശത്തിൽ പറക്കുന്ന പറവജാതിയെ നാം കാണുന്നുണ്ടല്ലൊ. വ്യത്യസ്ഥ നിറത്തിലും ഭംഗിയിലും ആണ് അവയെല്ലാം. പ്രതികൂല കാലാവസ്ഥയേയും ശത്രുവിൻെറ ആക്രമണത്തേയും അവ അതിജീവിക്കുന്നു. "ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതെക്കുന്നില്ല, കൊയ്യുന്നില്ല; കളപ്പുരയിൽ കൂട്ടി വെക്കുന്നില്ല; എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു; അവയേക്കാറം നിങ്ങറം ഏററവും വിശേഷതയുള്ളവരല്ലയോ"?

ഭൗതികമായ ഏതൊരു ജനനത്തെയും കുറിച്ചു ചിന്തിക്കുക. പ്രത്യേകിച്ച് മനുഷ്യ ജന്മം. എത്ര അവിശ്വസനീയമായ ഒന്നാണ് അതു; പക്ഷെ യാഥാർത്ഥ്യമാണ്. അതെല്ലാം സംഭവിക്കുന്നതു ദൈവത്തിൻെറ പ്രകൃതി നിയമം അനുസരിച്ചാണ്. ഭൗതിക ജനനത്തെ പോലെ തന്നെ ആത്മീയ ജനനവും ആവശ്യമാണ് എന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. വെള്ളത്താലും ആത്മാവിനാലും ഉള്ള ജനനമാണ് ആ പുതിയ ജനനം (യോഹന്നാൻ 3:3-5). മറെറാരർത്ഥത്തിൽ പറഞ്ഞാൽ ഒരാറം ക്രിസ്തുവിൻെറ വചനം കേട്ടു വിശ്വസിച്ച്, മാനസാന്തരപ്പെട്ട് കർത്താവിനെ ഏററുപറഞ്ഞു വെള്ളമാകുന്ന കല്ലറയിൽ പാപസംബന്ധമായ ശരീരം അടക്കപ്പെട്ട് ഉയിർത്തെഴുന്നേററു വരുന്ന ഒരാറം ആത്മീയമായി ജനിക്കുന്നു അഥവാ രക്ഷിക്കപ്പെടുന്നു. തൻെറ കഴിഞ്ഞ കാല പാപങ്ങറം ദൈവം ക്ഷമിക്കുകയും ജീവൻെറ പുതുക്കത്തിൽ നടക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. ഇതു ദൈവത്തിൻെറ ആത്മീയ നിയമം അനുസരിച്ചാണ് നടക്കുന്നതു.

വാസ്തവത്തിൽ ലോകം, രഹസ്യങ്ങളുടേയും അതിശയങ്ങളുടേയും കലവറയാണ് എന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തി ഇല്ല. നമ്മുടെ ചിന്ത എത്തിച്ചേരാത്ത എത്രയോ സംഗതികറം ലോകത്തിൽ നടക്കുന്നു. നാം അവയ്ക്കു പരിഗണന കൊടുത്താലും ഇല്ലെങ്കിലും അവ അതു പോലെ പ്രവർത്തിച്ചു കൊണ്ടേയിരിക്കുന്നു. അവയെല്ലാം

അങ്ങനെ ആകുവാനുള്ള സൃഷ്ടാവിന്റെ ശക്തിയെയും ഉദ്ദേശത്തെയും മനസിലാക്കി നാം നമ്മെത്തന്നെ താഴ്ത്തുകയാണ് വേണ്ടതു. എല്ലാം നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കിയ ദൈവത്തിൽ നമ്മളെത്തന്നെ സമർപ്പിക്കുകയും അവനോട് നമുക്കുള്ള കടപ്പാട് നാം നിർവ്വഹിക്കുകയും വേണം. നിസാരമായ കാര്യങ്ങളെ നാം പർവ്വതീകരിച്ചു കാണുകയും മഹത്തായവയെ തുച്ഛരീകരിച്ചു കളകയും ചെയ്യുന്ന മനോഭാവം പാടില്ല. അതിൽ ഉണ്ടാകാനിടയുള്ള നഷ്ടം വളരെ വലുതായിരിക്കും.

ദിവസവും നമ്മുടെ ജീവിതത്തിൽ അനേക കാര്യങ്ങൾ നാം അറിയാതെ സംഭവിക്കുന്നു. അതിലെല്ലാം നമ്മുടെ കർത്താവിന്റെ കരം ഉണ്ട് എന്നു സൂചിപ്പിക്കുന്നു. നമ്മെ സംരക്ഷിക്കുകയും അനുഗ്രഹിക്കയും നമ്മോടു ക്ഷമിക്കുകയും വാതിലുകൾ നമുക്കായി തുറന്നു തരികയും ചെയ്യുന്നതു മററാരുമല്ല. എങ്കിലും അവയെല്ലാം അങ്ങനെ വരുന്നു, പോകുന്നു എന്നതിനു അപ്പുറമായി കരുതുന്നില്ല. നന്മ വരുന്ന സാഹചര്യത്തിൽ നാം നമ്മുടെ ബുദ്ധിപരമായ കഴിവുകൾ കൊണ്ടാണ് അതു നേടിയതു; അല്ലെങ്കിൽ നമ്മുടെ ഭാഗ്യം കൊണ്ടാണ് അങ്ങനെ സംഭവിച്ചതു എന്നു വിലയിരുത്തുന്നു. പക്ഷെ നാം അപ്പോഴും അതിന്റെ ശരിയായ ഉറവിടത്തെ മറന്നു കളയുന്നു. നാം അവനുള്ളവർ എങ്കിൽ ദൈവം പ്രത്യേകമായി കാര്യങ്ങൾ നമുക്ക് വേണ്ടി പ്രവർത്തിക്കും എന്നതു തർക്കമററ കാര്യമാണ്. "ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മക്കായി കൂടെ വ്യാപരിക്കുന്നു എന്നു നാം അറിയുന്നു" (റോമർ 8:28).

ദൈവം എന്നേക്കും ജീവിക്കുന്നു. ദൈവത്തിന്റെ സൃഷ്ടിപ്പിൽ നാം ആശ്ചര്യപ്പെടുന്നതോടൊപ്പം നമ്മുടെ മനസ്സും മനസ്സാക്ഷിയുമെല്ലാം തെളിയിക്കുന്ന ഒരു കാര്യമുണ്ട്. അസാധാരണ പാണ്ഡിത്യമുള്ള ഒരു പ്രവർത്തകന്റെ വിരു

ത് ആണ്. നിങ്ങളുടെ ജീവിതത്തിനും നിലനില്പിനും നിങ്ങൾ സാക്ഷികളാണല്ലോ. ഈ ജീവിതം നിങ്ങൾ അറിയാതെ ഒരു അവസരത്തിൽ നിഷ്പ്രഭമാകും. അതിനു ശേഷം നിങ്ങൾക്കു എന്തു സംഭവിക്കും എന്ന ചോദ്യം നിങ്ങൾക്കു വിട്ടു തരുന്നു. ദൈവത്തിൻെറ കരങ്ങളിൽ നിങ്ങൾക്കു സുരക്ഷിതത്വം വേണമെന്നുണ്ടെങ്കിൽ അവൻെറ രക്ഷാപദ്ധതി തിരിച്ചറിഞ്ഞ് അനുസരിക്കുക. എങ്കിൽ നിങ്ങൾ പരാജയപ്പെടുകയില്ല. സൃഷ്ടാവിൻെറ സൃഷ്ടിപ്പിലുള്ള ഉദ്ദേശം നിങ്ങളിൽ നിറവേററുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

***

കഥ

# നീലാകാശത്തിൻെറ കണ്ണുനീർ തുള്ളികൾ

## സാമുവേൽ കാലായിൽ

നീലാകാശം കറുത്തു, നീലമേഘങ്ങൾ എങ്ങോ മറയുകയായി. സേതുവിന് ദുഃഖമാണ് തോന്നിയത്. നീലാകാശത്തിൻെറ കണ്ണുനീർ തുള്ളി കണ്ട് തേങ്ങുന്ന നീല മേഘങ്ങൾ പോലെ ജീവിതത്തെ നോക്കി സേതു കരഞ്ഞിട്ടുണ്ട്. അങ്ങ് അകലെ മലനിരകളിൽ നിന്ന് ഒഴുകി എത്തുന്ന കാട്ടാറിൻെറ സംഗീതം കേട്ടിട്ടും നീലാകാശം എന്താണ് ചിരിക്കുവാൻ മറന്നുപോകുന്നത് ? സേതുവിന് ദുഃഖം തോന്നി. ഈ കാട്ടാറിൻെറ തീരത്ത്, സേതുവും കുഞ്ഞ് അനുജത്തിയും എന്നും വന്നിരുന്നു. കാട്ടാറിനെ ഇഷ്ടപ്പെട്ടതിനാൽ ആയിരുന്നു എന്നും കാട്ടാറിൻെറ തീരത്ത് വന്നിരുന്നത്. അകലെ മല നിരകളിൽ നിന്ന് മഞ്ഞ് പെയ്യുന്ന സന്ധ്യകൾ,

സായാന്തനങ്ങൾ അവയെല്ലാം ഒരു ലഹരിയായി തോന്നിയിരുന്നു. അന്ന് ബാല്യമായിരുന്നല്ലോ. ഇന്നു.... എവിടെയോ വച്ച് ജീവിതം തനിക്ക് നഷ്ടമാകുകയായിരുന്നു.

ഇന്നു കാട്ടാറിന് ഒരു പുഞ്ചിരിനൽകുവാൻ തനിക്ക് കഴിയില്ല.

ആ സംഭവം, ഇന്നും ഒരു തേങ്ങലായി ഓർമ്മയിൽ സൂക്ഷിക്കുന്നു. ഒരു സന്ധ്യാ വേളയിൽ കുഞ്ഞ് അനുജത്തി, ശ്യാമ ഈ കാട്ടാറിന്റെ തീരത്ത് വീണ് അവസാനമായി ജീവിതത്തോട് തന്നെ വിട പറയുകയായിരുന്നു. ശ്യാമയുടെ നില വിളി കേട്ട് കാട്ടാർ പോലും കരഞ്ഞുപോയി. പിന്നീട് കാട്ടാറിനെ നോക്കി ചിരിക്കുവാൻ തനിക്ക് കഴിയാതെയായി കാട്ടാറിനെത്തന്നെയും ഞാൻ മറക്കുകയായിരുന്നു.

ഇന്ന്, ഞാൻ വർഷങ്ങൾക്ക് ശേഷം കാട്ടാറിന്റെ തീരത്ത് എത്തി. കാട്ടാറിന് ഒരു മാററവുമില്ല. ഇന്ന് കാട്ടാർ പറയും പോലെ ഞാൻ എന്നെ സൃഷ്ടിച്ച ദൈവത്തിനു വേണ്ടി പാടുന്നു. ഞാൻ തിരിഞ്ഞ് എന്നിലേക്ക് നോക്കി. ഞാൻ ആർക്ക് വേണ്ടി പാടും? ഒടുവിൽ ഞാൻ തീരുമാനിച്ചു. ദൈവത്തിന് വേണ്ടി മാത്രം ഞാൻ പാടാം. കാരണം എന്നിൽ ജീവന്റെ പൂക്കൾ വിതറിയത് അങ്ങ് മാത്രം, എന്റെ ആത്മാവിന്റെ രക്ഷ ഒരുക്കിയതു അങ്ങ് മാത്രം....

കാട്ടാർ എന്നിൽ വിതറുന്ന, തേങ്ങുന്ന ഓർമ്മകളിൽ നിന്ന് അകലുവാനായി ഞാൻ നാട് വിടുകയായിരുന്നു. അന്ന് ഒരു രാവിൽ കാട്ടാറിന്റെ ഓരം ചേർന്ന് നടന്നു. അവസാനമായി കാട്ടാറിനോട് യാത്ര പറഞ്ഞപ്പോൾ, ഒരു സ്വരം മാത്രം ചെവിയിൽ വീഴുന്നു വന്നു. അനുജത്തി ശ്യാമയുടെ സ്വരം— വസന്തങ്ങൾ ഒത്തിരി പോയല്ലോ— ശിശിരങ്ങൾ മാഞ്ഞും കരഞ്ഞും എന്റെ മുന്നിൽ വന്നു നിന്നു. പക്ഷേ... ഓർമ്മകൾ.... അവ മരിക്കാതെയിരിക്കട്ടെ.

***

# കുന്നിയോളം അഹങ്കാരം.

**പൊറേരി വിജയൻ**

കുന്നിയോളമഹങ്കാരം കുന്നോളം വിനാശമാ-
ണെന്നുള്ളൊരാപ്ത വാക്യമെത്രയോ മഹത്തരം.
ഹിററ്ലറും സ്റ്റാലിനുമെല്ലാമഹങ്കാരാധിക്യം കൊണ്ട്
വിശ്വത്തെ വിറപ്പിച്ച കുട്ടിരാക്ഷസരല്ലോ

സ്റ്റാലിന്റെ ഗതിനോക്കു എത്രയോ ഖേദകരം
തൻബിംബംപോലും തച്ചുടച്ച് തകർത്തുകളഞ്ഞല്ലോ
കുപ്രസിദ്ധനായ ക്രൂരഹിററ്ലറുടെ സ്ഥിതിനോക്കൂ
സ്വന്തം ധാത്രിപോലും നാണിക്കുമപഹാസ്യമെത്ര കഷ്ടം !
ചരിത്രത്തിൻ താളുകളിലവർക്കൊട്ടും സ്ഥാനമില്ല
മാനവന്റെ ഹൃദയത്തിലവർവെറും ക്രൂരസത്വം

അഹങ്കാരം വരുത്തിയ വിനയല്ലോ ലോകയുദ്ധം
പരശ്ശതം ജീവനല്ലോ തകർത്തിട്ടു നരാധമർ

വലിയവനെന്ന ബോധം ത്യജിച്ചിടാൻ ശ്രമിക്കേണം
അഹങ്കാരം അപകടം വരുത്തിടും തീർച്ചയായും
സ്നേഹകുംഭ ഗീതകങ്ങളാം നാം ശ്രവിച്ചൊരുത്തമ
മാനുഷിക ബോധമുള്ള മാനവരായ് തീർന്നിടാം
ത്യജിച്ചിടാം നമുക്കുടനഹന്തയാം പിശാചിനെ
സ്തുതിച്ചിടാം നമുക്കുടൻ വിശ്വസ്നേഹ സുവിശേഷം.

★

സ്ത്രീകൾക്കു വേണ്ടി

# "നിങ്ങൾ അന്യോന്യം സ്നേഹിക്കുമെങ്കിൽ"

ബെററി. ബി. സി.

അടുത്ത സമയത്തു ഒരാൾ ന്യൂഡെൽഹിയിലുള്ള ക്രിസ്തുവിന്റെ സഭയിൽ ഞായറാഴ്ച ആരാധനക്കു വന്നപ്പോൾ ആരാധനക്കു ശേഷം അവർ ഇപ്രകാരം പറയുന്നതു ഞാൻ കേട്ടു. ഇവിടെയുള്ള സ്ത്രീകളെല്ലാം പരസ്പരം എത്ര സൗഹാർദ്ദവമുള്ളവർ ! അവളുടെ കണ്ണിൽ കൂടെ ആ കൂട്ടത്തെ മുഴുവൻ ഞാൻ കാണുകയുണ്ടായി.

അതെ, തീർച്ചയായും ക്രിസ്ത്യാനികൾക്കിടയിൽ അടുത്ത ബന്ധമാണ് ഉള്ളത്. വിശുദ്ധ ചുംബനങ്ങൾ കൊണ്ട് അന്യോന്യം വന്ദനം ചെയ്യുകയും, പുഞ്ചിരി, പൊട്ടിച്ചിരി നർമ്മ സംഭാഷണം എന്നിവ പ്രോത്സാഹന ജനകം തന്നെ, എല്ലാവരും പ്രായം ചെന്ന അന്ധനായ ഒരു സഹോദരനോടു സംസാരിക്കുവാൻ താല്പര്യം കാണിക്കുന്നു. എല്ലാവരുടേയും സ്നേഹലാളനം അദ്ദേഹം വളരെയധികം ആസ്വദിക്കുന്നുണ്ട്.

ഏതാണ്ട് ഒരു മണിക്കൂറിലധികം ഈ കൂട്ടായ്മ നീണ്ടു പോകുന്നു; അതും ആരാധനക്കു ശേഷം. മാതാപിതാക്കൾ സംസാരിക്കുന്ന സമയം കുട്ടികൾ കളിക്കാൻ പോകുന്നു. പല കുടുംബങ്ങളും അടുത്തുള്ള കടകളിൽ നിന്നും ആഹാരം വാങ്ങി ഭക്ഷിക്കുകയും അതു മററുള്ളവർക്കു കൂടെ പങ്കിടുകയും ചെയ്യും. അവരുടെ ഹൃദയ പരമാർത്ഥത എത്ര വിശാലമാണെന്നു നോക്കു !

അതെ, സ്നേഹം പ്രകടമാക്കുന്നത് നമുക്ക് ഇവിടെ ദർശിക്കാം. യേശുക്രിസ്തുവിന്റെ വാക്കുകളെ ഈ അവസരത്തിൽ ഞാൻ ഓർക്കുന്നു. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നെ (യോഹന്നാൻ 13:34,35).

ലോകത്തിന് അനുഭവിക്കാൻ കഴിയാത്ത ധനത്താലാണ് ക്രിസ്ത്യാനികളെ ദൈവം അനുഗ്രഹിക്കുന്നത്. സ്വർഗ്ഗത്തിൽ ദൈവ ഹൃദയത്തിൽ തന്നെ വേരുള്ള ഒരു കുടുംബബന്ധമാണ് ദൈവം ഒരുക്കിയിരിക്കുന്നത്. നിങ്ങൾ പരസ്പരം സ്നേഹിക്കുന്നുവെങ്കിൽ അതിനാൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു ലോകം അറിയും എന്നാണ് നമ്മുടെ സഹോദരനായ ക്രിസ്തു പറഞ്ഞിട്ടുള്ളതു.

ലോകത്തിൽ ഭാര്യാഭർത്താക്കന്മാർ തമ്മിലും മാതാപിതാക്കന്മാരും കുട്ടികളും തമ്മിലും സ്നേഹിക്കുന്നത് സ്വാഭാവികമാണ്. സ്നേഹിതന്മാർ തമ്മിൽ ഒന്നിച്ചു കൂടുകയും സമയം ചെലവഴിക്കയും ചെയ്യാറുണ്ട്. അവരും സ്നേഹത്തിൽ വളരുകയാണ്.

യേശുക്രിസ്തു, തന്റെ വലിയ ഭവനത്തിലേക്കു എല്ലാ തരത്തിലുമുള്ള ആളുകളെയാണ് വിളിച്ച് ചേർക്കുന്നത്. പ്രായം ചെന്നവർ, യുവാക്കൾ, ധനവാന്മാർ, ദരിദ്രർ, വിദ്യാഭ്യാസമുള്ളവർ, ഇല്ലാത്തവർ, ബലഹീനർ, പുരുഷന്മാർ, സ്ത്രീകൾ, എല്ലാ ദേശക്കാരും ഭാഷക്കാരും സാധാരണ ജീവിതത്തിൽ പൊതുവായി ഒന്നുമില്ലാത്തവരും അല്പം ഉള്ളവരും കാണും. പക്ഷെ എല്ലാവരുടേയും അടിസ്ഥാനം ക്രിസ്ത്യാനിത്വമാണ്. അവർ പങ്കിടുന്നതായ സ്നേഹത്താൽ ക്രിസ്തുവിൽ, അവർ എല്ലാവരും ഒരു കുടുംബമായി വർത്തിക്കുന്നു. ഇതെങ്ങനെ പ്രവർത്തിക്കുന്നു ? കുടുംബ ബന്ധം ആഴമേറിയതും സത്യവുമാണോ ? അതു യഥാർത്ഥമോ ?

ഒന്നാം നൂററാണ്ടിൽ കർത്താവിൻെറ സഭ ശൈശവ പ്രായത്തിൽ ആയിരുന്നപ്പോഠം അന്ന് അപ്പൊസ്തലനായിരുന്ന പൗലൊസ് എഴുതി: അതിൽ യെഹൂദനും യവനനും എന്നില്ല. ദാസനും സ്വതന്ത്രനും എന്നില്ല; ആണും പെണ്ണും എന്നുമില്ല; നിങ്ങഠം എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ (ഗലാത്യർ 3:28).

ജനങ്ങഠംക്കിടയിലെ മൂന്നു വിഭാഗങ്ങളെ പൗലൊസ് എടുത്തു കാണിക്കുന്നുണ്ട്. മതപരവും ദേശീയവുമായവയെ സൂചിപ്പിക്കുകയാണ് യെഹൂദനോ യവനനോ എന്ന പ്രയോഗത്തിൽ. ദാസനും സ്വതന്ത്രനും എന്നതു കൊണ്ടു ജാതിയെയും സാമ്പത്തിക വിഭജനത്തെയും സൂചിപ്പിക്കുന്നു. മനുഷ്യരെ ഭൗതികവും വൈകാരികവുമായി രണ്ടായി വേർതിരിക്കുന്നതാണ് സ്ത്രീയും പുരുഷനും എന്ന പ്രയോഗം.

എന്തു മാത്രം കലാപങ്ങളാണ് ഈ കൂട്ടങ്ങളിൽ ഉണ്ടാകാറുള്ളതു. മതത്തിൻെറ പേരിൽ, തെററായ മതങ്ങളുടെ പേരിൽ ഇംഗ്ളണ്ടിൽ അനേക വർഷങ്ങളോളം ആളുകഠം തമ്മിൽ തല്ലി മരിക്കുകയുണ്ടായി. ലെബനോൻ നിരന്തരമായ മത സംഘടനകളുടെ പോരാട്ടത്തിൽ കീറിമുറിക്കപ്പെട്ടു. ഇന്ത്യാ പാക്കിസ്ഥാൻ വിഭജന ഘട്ടത്തിലും അനേക രക്തപ്പുഴ ഒഴുകുകയുണ്ടായി. ഇന്നും സ്നേഹത്തിലും യോജിപ്പിലും കഴിയുന്നതിനു പകരം മതപരമായ വ്യത്യാസങ്ങഠം വെച്ച് അവരുടെ ശക്തി ഉപയോഗിച്ച് മററുള്ളവരെ കൊല്ലുവാൻ മടിക്കാത്തവരുണ്ട്.

ഈ വിഭജനങ്ങഠം മനുഷ്യരാശിയുടെ നിലനില്പിൻെറ പ്രാരംഭഘട്ടം മുതൽ ആളുകളെ തമ്മിൽ വേർതിരിച്ച് നിർത്തിയിരിക്കയാണ്. ഈ പരിതാപകരമായ സ്ഥിതി ലോകം പൊതുവിൽ അംഗീകരിക്കണം. പക്ഷെ ഈ മതിലുകഠം, വേലിക്കെട്ടുകഠം നിർത്തണോ ? ഇതു നീക്കം ചെയ്യുവാൻ വഴിയില്ലേ?

വാസ്തവത്തിൽ, യഥാർത്ഥ ക്രിസ്ത്യാനികൾ എല്ലാം അവരുടെ പശ്ചാത്തലം കണക്കിലെടുക്കാതെ ഒന്നായി നില കൊള്ളുന്നു. ഒരു സഭായോഗത്തിൽ ചിലപ്പോൾ അമേരിക്ക ക്കാർ അല്ലെങ്കിൽ ഏതെങ്കിലും വിദേശികൾ കാണാം. ഇന്ത്യ യിൽ തന്നെയുള്ള പല സംസ്ഥാനങ്ങളിൽ നിന്നുള്ളവർ കാ ണും. പല മതങ്ങളിൽ നിന്നും വന്നവരായിരിക്കും; നാമധേയ വിഭാഗങ്ങളിൽ നിന്നും വന്നവർ കാണും. വിദ്യാസമ്പന്നരും വിദ്യാഭ്യാസം തന്നെ ഇല്ലാത്തവരും പണക്കാരും, പാവപ്പെട്ടവ രും കാണും.

ഈ വ്യക്തികളെല്ലാം ഏതെല്ലാം രീതിയിൽ ജീവിച്ചി രുന്നവരുമാകാം. അവർക്കു പൊതുവായി ഒന്നും കണ്ടെന്നി രിക്കില്ല. പാപ മോചന സ്നാന മേററവരാണ് അവരെല്ലാം. അതിനു ശേഷം, അവരിൽ മുമ്പുണ്ടായിരുന്ന ചിന്താഗതി കൾക്കു വ്യത്യാസമുണ്ടായി. യേശു കല്പിച്ചതായ സ്നേ ഹം ... നാം പരസ്പരം സ്നേഹിക്കുവാൻ തുടങ്ങിയപ്പോൾ അതിൻെറ ഫലം കണ്ടു തുടങ്ങി. ഈ ആത്മീയ സഹോദര ങ്ങൾ ഒന്നിച്ച് ആരാധിക്കുകയും ബൈബിൾ പഠനം നടത്തു കയും ചെയ്യുന്നതിനാൽ അവരിൽ സ്നേഹം വർദ്ധിക്കു ന്നു; വ്യത്യാസം ചുരുങ്ങുന്നു.

എന്തുകൊണ്ട് ഇതു സംഭവിക്കുന്നു ? എങ്ങനെ സംഭവി ക്കുന്നു ? ക്രിസ്തുവിനെ അനുകരിക്കുവാനാണ് 1കൊരി ന്ത്യർ 11:1-ൽ നമ്മെ പഠിപ്പിച്ചിരിക്കുന്നതു. ആത്മാവിൻെറ കണ്ണാടിയായ ദൈവ വചനം നോക്കി അതനുസരിച്ച് ജീവി ക്കുമ്പോൾ മാററം ഉണ്ടാകുന്നു. "എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിൻെറ തേജസിനെ കണ്ണാടി പോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാ കുന്ന കർത്താവിൻെറ ദാനമായി തേജസിന്മേൽ തേജസു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു" (2കൊ രിന്ത്യർ 3:18).

ക്രിസ്തു ചിന്തിക്കുന്നതു പോലെ ചിന്തിക്കുവാൻ ആ ണ് ക്രിസ്ത്യാനികൾ ദൈവ വചനം പഠിക്കുന്നത്. അവർ

ആത്മാർത്ഥമായി ക്രിസ്തുവിനെ പോലെ ആകുവാൻ ആഗ്രഹിക്കുന്നതുകൊണ്ട് ദൈനന്തിന ജീവിതത്തിലെ പെരുമാററമെല്ലാം ക്രിസ്തുവിൻെറ ഉപദേശപ്രകാരമാകുന്നു. അവരുടെ മുൻകാല ജീവിത ശൈലികരം വ്യത്യസ്ഥമായിരുന്നാലും ക്രമേണ ചിന്തകളും ജീവിത രീതികളും ഒരു പോലെയായി മാറും. പരസ്പരമുള്ള ആത്മിയ കുടുംബ ബന്ധത്തിൽ അവർ പക്വതയുള്ളവരായി വളരുന്നു.

പിന്നീട്, പക്വതയിലെത്തിയ ഒരാരം, അതേ പക്വതയിലെത്തിയ മറെറാരാളെ കാണുമ്പോരം ഒരിക്കൽ അപരിചിതരായിരുന്നവർ പരസ്പരം നല്ല പോലെ അടുത്ത് അറിയുന്നു. എന്താണത്? അവരെല്ലാം ഒരേ പുസ്തകത്തിൽ നിന്നും പഠിക്കുന്നു. അവരുടെ മതിപ്പും നിലവാരവും ഒന്നാണ്. ഒരു വീട്ടിലുള്ളവർ അന്യോന്യം അടുത്തു ഇടപഴകുന്നതു പോലെ ക്രിസ്തുവിൻെറ രൂപത്തോടു അനുരൂപരായി മാറുന്നു.

യെഹൂദന്മാരോ യവനന്മാരോ, ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏക ശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനമേററു എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു (1 കൊരിന്ത്യർ 12:13). ശരീരത്തിൽ ഭിന്നത ഭവിക്കാതെ അന്യോന്യം കരുതലുള്ളവരായിരിക്കണം അംഗങ്ങരം. ഒരാരംക്ക് കഷ്ടം നേരിട്ടാൽ എല്ലാവരും വേദനിക്കുന്നു. ഒരാരംക്കു മാനം വന്നാൽ എല്ലാവരും സന്തോഷിക്കുന്നു. ഇപ്പോരം നിങ്ങരം ക്രിസ്തുവിൻെറ ശരീരവും ഓരോരുത്തൻ അവയവവുമാകുന്നു.

ഇത്തരം പ്രവർത്തനങ്ങളിൽ വ്യാപൃതരായി ഒരുമിച്ച് വളർന്ന് ദൈവത്തിൻെറ ഭവനത്തിൽ സ്ത്രീകരംക്കു ശക്തരായ ഉപദേഷ്ടാക്കന്മാരാകാം. സാധാരണഗതിയിൽ ഭാര്യമാരെയും അമ്മമാരെയും ദൈവം നല്കിയിരിക്കുന്നത് മൃദുല സ്വഭാവത്തോടെയാണ്. മററുള്ളവരോട് അവർക്കുള്ള ഇടപാടുകരം അതനുസരിച്ചായിരിക്കും. നമ്മുടെ ഹൃദയം, സ്നേ

ഹവും മനസ്സലിവും കൊണ്ട് നിറയ്ക്കാം. ഭർത്താക്കന്മാരെയും പിതാക്കന്മാരെയും അപേക്ഷിച്ച് നമുക്ക് മററുള്ളവരുടെ വിഷമസന്ധിയിൽ ചിന്തിച്ച് വേണ്ടത് പ്രവർത്തിക്കാൻ കഴിയും. ദിവസവും, സഭയിലും വീട്ടിലും ഈ സ്നേഹം നാം പരിശീലിക്കണം.

വ്യക്തിപരമായും സഭയായും നമ്മുടെ പെരുമാററത്തിലൂടെ നാം ലോകത്തിന്ന് ചില പ്രധാന കാര്യങ്ങൾ നല്കുന്നവരായിരിക്കണം. നമ്മുടെ സ്നേഹം വാക്കുകളിലും പ്രവൃത്തികളിലും അന്യോന്യം പ്രകടമാക്കണം. തുറന്ന സ്നേഹം നാം പ്രായോഗികമാക്കുമ്പോൾ നാം ക്രിസ്തുവിന്റെ ശിഷ്യന്മാർ ആണെന്നു എല്ലാവരും അറിയും.

***

## ഫലിതം

### കളത്തുകാൽ. രാജദാസ്

"പള്ളി വികാരിയെ ഒരു വിവാഹത്തിന് ക്ഷണിച്ചിരുന്നു. വികാരിയ്ക്കു വിവാഹത്തിന് പോകാൻ കഴിയാതെ കത്തു മുഖേന സുവിശേഷത്തിൽ നിന്ന് ഒരു വാക്യം ഉദ്ധരിച്ചു കൊണ്ടു ഒരു കത്തെഴുതി കപ്യാർവശം വധുവരന്മാർക്കു നല്കി. ഭാര്യാഭർത്താക്കന്മാർ ഉറങ്ങാൻ നേരത്ത് വരൻ വികാരി കൊടുത്തയച്ച കത്ത് വായിയ്ക്കാൻ വധുവിന്റെ കൈവശം കൊടുത്തു. അതിൽ എഴുതിയിരുന്നത്, 1യോഹന്നാൻ 4:18 ആയിരുന്നു. "സ്നേഹത്തിൽ ഭയമില്ലാ ഭയത്തിന് ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു. ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ലാ." എന്നാൽ വായിച്ചതോ ? യോഹന്നാൻ-4:18 "അഞ്ചു ഭർത്താക്കന്മാർ നിനക്കു ഉണ്ടായിരുന്നു. ഇപ്പോൾ ഉള്ളവനോ ഭർത്താവല്ല"

# നാമധേയ വിഭാഗത്തിൽ ഒരാൾക്കു രക്ഷയോ ?

ഡബ്ല്യു. എ. ഹോളി

വിശുദ്ധ വേദ പുസ്തകമനുസരിച്ച് ഇല്ല. ഏതു നിറത്തിലും, സ്വഭാവത്തിലും, ആകൃതിയിലും അതറിയപ്പെട്ടാലും വിശുദ്ധ വചനങ്ങൾക്കു എതിരായതാണു കാരണം. നാമധേയ സഭകളെ കുറിച്ചു പ്രതിപാദിക്കുന്നതായി പഴയ നിയമത്തിലോ പുതിയ നിയമത്തിലോ ഏതെങ്കിലും ഭാഗത്തു ഒരു വാക്യമെങ്കിലും നിങ്ങൾക്കു കാണിച്ചു തരാമോ ? ഉണ്ട് എന്നു പറയുകയാണെങ്കിൽ ഏതു പുസ്തകത്തിൽ, ഏതദ്ധ്യായത്തിൽ, ഏതു വാക്യത്തിൽ ?

സത്യം പ്രസ്താവിക്കുന്നവർ ദൈവ നാമങ്ങളാണ് സ്വീകരിക്കേണ്ടതു (1പത്രൊസ് 4:11). ബൈബിളിലുള്ള കാര്യങ്ങൾ ബൈബിൾ പേരിനാൽ അറിയപ്പെടണം. ബൈബിളിലുള്ളകാര്യങ്ങൾ ചെയ്യേണ്ടതു ബൈബിൾ വഴിയനുസരിച്ചായിരിക്കണം. ഒരു എഴുത്തുകാരനോ ഒരു ഉപദേഷ്ടാവോ സുവിശേഷകനോ ഈ വിഭാഗീയ നാമങ്ങൾ ഉച്ചരിച്ചിട്ടില്ല, ഉപയോഗിച്ചിട്ടുമില്ല. ഇന്നു നാമധേയ വിഭാഗങ്ങൾ സംസാരിക്കുന്ന ഭാഷ നെഹമ്യാവിന്റെ കാലത്തെ അസ്തോദിന്റേതാണ് (നെഹമ്യാവ് 13:23-24).

***

# നീങ്ങൾ കായ്ക്കാത്ത അത്തിയോ?

സി. ഡിക്സൺ

ക്രിസ്തു അനേക ഉപമകളിൽ കൂടെ നമ്മെ പലതും പഠിപ്പിച്ചിട്ടുണ്ട്. ശരിയായി കാര്യങ്ങളെ ഗ്രഹിക്കേണ്ടതിന്നാണ് അവൻ ഇങ്ങനെ പഠിപ്പിച്ചത്. "അവൻ ഈ ഉപമയും

പറഞ്ഞു: ഒരുത്തന് തന്റെ മുന്തിരിത്തോട്ടത്തിൽ നട്ടിരുന്നോരു അത്തി വൃക്ഷം ഉണ്ടായിരുന്നു. അവൻ അതിൽ ഫലം തിരഞ്ഞു വന്നു, കണ്ടില്ല താനും. അവൻ തോട്ടക്കാരനോട്: ഞാൻ ഇപ്പോൾ മൂന്നു സംവത്സരമായി ഈ അത്തിയിൽ ഫലം തിരഞ്ഞു വരുന്നു. കാണുന്നില്ല താനും. അതിനെ വെട്ടിക്കളക. അതു നിലത്തെ നിഷ്ഫലമാക്കുന്നത് എന്തിന്നു എന്നു പറഞ്ഞു. അതിന് അവൻ: കർത്താവേ, ഞാൻ അതിന്നു ചുററും കിളെച്ചു വളം ഇടുവോളം ഈ ആണ്ടും കൂടെ നില്ക്കട്ടെ. മേലാൽ കായ്ച്ചെങ്കിലോ- ഇല്ലെങ്കിൽ വെട്ടിക്കളയാം എന്നു ഉത്തരം പറഞ്ഞു" (ലൂക്കൊസ് 13:6-9). തങ്ങൾ മററുള്ളവരേക്കാൾ നീതിമാന്മാരാണെന്നും തങ്ങൾക്കു മാനസാന്തരം ആവശ്യമില്ലെന്നും ധരിച്ചുവെച്ച യെഹൂദന്മാരോടാണ് യേശു ഈ ഉപമ പറയുന്നത്. ഫലമില്ലാത്ത അത്തിവൃക്ഷത്തെ നിർത്തിയതു കൊണ്ട് പ്രയോജനമില്ല എന്ന് അവൻ അവർക്കു കാണിച്ചു കൊടുക്കയാണ്. പക്ഷെ നമ്മെ പഠിപ്പിക്കുന്ന പാഠം അവിടെ അവസാനിക്കുന്നില്ല. ഞാൻ ഫലം കായ്ക്കാത്ത അത്തിയോ എന്ന ചോദ്യം എന്നോട് തന്നെ ചോദിക്കണം.

1 നല്ല അനുകൂല പ്രതലത്തിൽ അതായതു ഒരു തോട്ടത്തിലാണ് ഈ വൃക്ഷം നട്ടതു. നാമും ജീവിക്കുന്നതു അനേക അനുഗ്രഹങ്ങളുടെ മദ്ധ്യേ ആണ്. ഭൗതികമായ നന്മകളുടെ ആധിക്യത്തോടൊപ്പം ക്രിസ്തു നമുക്കു വേണ്ടി മരിക്കയും രക്ഷിക്കപ്പെട്ടവരെ ഉൾപ്പെടുത്തുവാൻ അവൻ തന്റെ സഭയും സ്ഥാപിക്കയുണ്ടായി. നമ്മെ നയിക്കുവാൻ വേദപുസ്തകം തന്നു. കർത്താവിനെ അനുസരിച്ച് സേവിക്കുന്നതിനുള്ള അവസരവും ഒരുക്കി. ഇപ്പോൾ ആരെങ്കിലും ക്രിസ്തുവിനെ കൂടാതെ ജീവിച്ചാൽ ആ വ്യക്തിക്കു ഇനി യാതൊരു ഒഴിവു കഴിവും ഇല്ല. കാരണം ഇത്രയും അവസരങ്ങളും അനുഗ്രഹങ്ങളും ദൈവം കൊടുത്തിട്ടും അതു പാഴാക്കുകയാണ് അവർ.

2 ഓരോ സ്ത്രീ പുരുഷന്മാരിൽ നിന്നും കർത്താവ് ഫലം കാണണമെന്നു പ്രതീക്ഷിക്കുന്നു. യെഹൂദദേശവും ഫലം കായ്ക്കാതിരുന്നു; അവർ മശിഹയെ തള്ളിക്കളഞ്ഞു. നാമും ക്രിസ്തുവിനേയും അവൻെറ വചനത്തേയും തള്ളിക്കളഞ്ഞാൽ നമുക്ക് ഫലം പുറപ്പെടുവിക്കാൻ സാധിക്കാതെ വരും. ക്രിസ്തു പറഞ്ഞു: എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിന്നു മുന്തിരി വള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതു പോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴികയില്ല ക്രിസ്തുവിന് പുറത്തു നിന്നു കൊണ്ട് ഒരാൾ എത്ര സൽപ്രവൃത്തി ചെയ്താലും ദൈവം അത് അംഗീകരിക്കുകയില്ല. ആദ്യമായി ഒരാൾ ക്രിസ്തുവിലായി തീരണം; ക്രിസ്തുവിലായി തീരുവാൻ അവൻെറ വചനങ്ങൾ ശ്രവിക്കണം. ആകയാൽ നാം എന്തു പറയേണ്ടു ? കൃപ പെരുകേണ്ടതിന്നു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ ? ഒരു നാളും അരുതു. പാപ സംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതു എങ്ങനെ ? അല്ല, യേശു ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏററവരായ നാം എല്ലാവരും അവൻെറ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോട് കൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിൻെറ മഹിമയാൽ ജീവിച്ചെഴുന്നേററതു പോലെ നാമും ജീവൻെറ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ (റോമർ 6:1-4). ഒരാൾ ഇതനുസരിക്കുമ്പോൾ അയാളുടെ പുതിയ ബന്ധം എന്തായിരിക്കും ? റോമർ 6-ാം അദ്ധ്യായം 22-ാം വാക്യം നോക്കുക. എന്നാൽ ഇപ്പോൾ പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിന്നു ദാസന്മാരായിരിക്കയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിൻെറ അന്തം നിത്യ ജീവനും ആകുന്നു.

3 കർത്താവിന്നു ഫലം കായ്ക്കാത്ത ജീവിതം വ്യർത്ഥമാണ്. മൂന്നു വർഷം ഫലം തിരഞ്ഞുവന്നു എങ്കിലും ഒന്നും കണ്ടില്ല എന്നു കർത്താവ് തോട്ടക്കാരനോടു പറഞ്ഞു. പിന്നീടാണ് അതു നിലത്തിന്നു നിഷ്പ്രയോജനമായി നിർത്താതെ വെട്ടിക്കളവാൻ പറയുന്നതു. ദൈവത്തിന്റെ സ്വന്തം സാദൃശ്യത്തിൽ നിർമ്മിച്ചതു മനുഷ്യനെ മാത്രമാണ്. അപ്പോൾ ദൈവത്തിന്റെ നിത്യമായ അവസ്ഥ അതായതു ആത്മാവ് മനുഷ്യനിൽ നല്കിയിരിക്കുന്നു. കൂടാതെ ദൈവവുമായി മനുഷ്യൻ സഹവസിക്കണമെന്നും ആഗ്രഹിച്ചു. മനുഷ്യൻ എങ്ങനെ ജീവിക്കണമെന്നു തന്റെ വചനത്തിൽ ദൈവം അരുളിച്ചെയ്തിരുന്നു. ആ നിർദ്ദേശങ്ങൾ നിരാകരിച്ചാൽ ജീവിതം ഫലമില്ലാത്തതായി മാറുമെന്നും അറിയിച്ചിട്ടുണ്ട്.

വർഷങ്ങളായി ദൈവം മനുഷ്യ നന്മക്കു വേണ്ടി ചെയ്തതെല്ലാം ഒന്നോർമ്മിക്കുക. അവസാനം അവരെ രക്ഷിക്കുവാൻ യേശു ക്രിസ്തുവിന്റെ വിലയേറിയ രക്തവും പ്രദാനം ചെയ്തു. എന്നാൽ ക്രിസ്തുവിന്റെ ആ വിശുദ്ധീകരണ രക്തത്തോടു പുറം തിരിഞ്ഞു നില്ക്കുന്ന മനോഭാവമാണ് ആളുകൾക്കുള്ളതു. ദൈവത്തെ ഭയന്നു അവന്റെ കല്പനകൾ പ്രമാണിക്കുന്നതാകുന്നു സകല മനുഷ്യർക്കും വേണ്ടതു എന്നു ശലോമോൻ രേഖപ്പെടുത്തിയിരിക്കുന്നു (സഭാ പ്രസംഗി 12:13). ദൈവത്താലുള്ള രക്ഷ എത്ര മാത്രം വലുതാണെന്നും അതു കിട്ടിയില്ലെങ്കിൽ നഷ്ടമാകുന്നതെന്താണെന്നും ചിന്തിക്കുക.

യേശുക്രിസ്തു പരിശുദ്ധാത്മാവിൽ മാത്രമല്ല; തീയിലും സ്നാനപ്പെടുത്തും എന്നു യോഹന്നാൻ പ്രസ്താവിച്ചതിന്റെ മർമ്മം നിങ്ങൾക്കു മനസ്സിലായി കാണുമല്ലോ. പിന്നീട് കോതമ്പിനെ കുറിച്ച് (ഫലം പുറപ്പെടുവിക്കുന്ന ക്രിസ്ത്യാനികൾ) വിവരിക്കുന്നുണ്ട്. അതു കളപ്പുരയിൽ ശേഖരിച്ചു വെക്കും. എന്നാൽ പതിർ (ഉപയോഗ ശൂന്യരായ ക്രിസ്ത്യാനികൾ) കെടാത്ത തീയിൽ ഇട്ടു ചുട്ടുകളകയും ചെയ്യും. (മത്തായി 3:12).

4 ഇവിടെ പറയുന്ന തോട്ടക്കാരൻ- ദൈവ സന്ദേശമറിയിക്കുന്ന വ്യക്തി. ദൈവ വചനം അനുസരിക്കുവാൻ ആളുകളെ പ്രോത്സാഹിപ്പിക്കുന്നതുള്ള പദേഷ്ടാവ് ആണ്. വൃക്ഷത്തിനു പുററും കിളെച്ചു വളം ഇടുകയാണ് തോട്ടക്കാരൻ. എങ്കിലേ വൃക്ഷം നല്ലതു പോലെ കായ്ക്കൂ. സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ക, പ്രബോധിപ്പിക്ക എന്നതാണ് കിളെച്ചു വളം ഇടൽ കൊണ്ടുദ്ദേശിക്കുന്നത് (2 തിമൊഥെയോസ് 4:2-3).

തെററായ വഴിയിൽ സഞ്ചരിക്കുന്ന പാപ സ്നേഹികൾ തുറന്ന സത്യമാകുന്ന ദൈവ വചനം കേൾക്കുമ്പോൾ പരിഭ്രാന്തരാകും. പെന്തെകൊസ്തു നാളിൽ അപ്പൊസ്തലനായ പത്രൊസിൻെറ പ്രസംഗം കേട്ടവർ, അവരുടെ ഹൃദയത്തിൽ കുത്തുകൊണ്ട് മററു അപ്പോസ്തലന്മാരോടുമായി ചോദിച്ചു, "സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ഉറക്കെ നിലവിളിച്ചു ചോദിക്കയുണ്ടായി" (പ്രവൃത്തി 2:37).

ശക്തമായ സുവിശേഷ പ്രസംഗം കേട്ടു ആളുകളുടെ മനസു ഇളകുമ്പോൾ നിങ്ങൾ ആവേശം കൊള്ളേണ്ട കാര്യമില്ല. അതു അവരുടെ രൂപാന്തരത്തിന് വേണ്ടിയുള്ളതാണ്. ഈ സന്ദേശമറിയിക്കുന്നവർ ജനങ്ങൾക്കു വേണ്ടി, അവരുടെ അനുസരണത്തിനും അവർ കർത്താവിന് ഫലം കായ്ക്കേണ്ടതിന്നും അവർക്കു വേണ്ടി പക്ഷവാദം ചെയ്യുന്നവരാണ്. "എന്നാൽ സകല മനുഷ്യർക്കും നാം സർവ്വ ഭക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിന്നു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകലത്തിന്നും മുമ്പെ പ്രബോധിപ്പിക്കുന്നു (1 തിമൊഥെയോസ് 2:12). അവർ പക്ഷവാദം നടത്തിയാലും കർത്താവിനെ അനുസരിക്കുവാൻ അവർക്കു സമയം നീട്ടി കൊടുക്ക മാത്രമേ ദൈവം ചെയ്യു.

5 ദൈവത്തിന്റെ സഹിഷ്ണുതക്കു പരിധിയുണ്ട് എന്ന് ലൂക്കൊസ് 13:8-9വരെയുള്ള വാക്യങ്ങൾ വ്യക്തമാക്കുന്നു. അത്തി വൃക്ഷത്തിന് വേണ്ടിയുള്ള അപേക്ഷ ഒരു വർഷം കൂടെ നില്ക്കട്ടെ എന്നായിരുന്നു. അങ്ങനെ അതു ഫലം പുറപ്പെടുവിച്ചാൽ നല്ലതു; ഇല്ലെങ്കിലോ വെട്ടിക്കളയാം. ജീവിതം നീട്ടി കിട്ടാത്ത ഒരു സമയം വരും. അന്ന് ഫലം ഇല്ലാത്ത ഒരു പാപിയായിത്തന്നെ സൃഷ്ടാവിനെ നേരിടാൻ ഇടയാകരുത്. ഒരു ദിവസം നമ്മുടെ കർത്താവ് തിരിച്ചു വരും. അന്ന് ഫലം കൊടുക്കാത്ത വൃക്ഷങ്ങളായി കാണപ്പെടുന്നവർ ലജ്ജിക്കപ്പെടും.

കർത്താവിന്റെ സഭയിലെ, ആത്മാക്കളെ നേടാത്തവരെ ഉദ്ദേശിച്ചാണ് ഈ ഉപമ പറയുന്നതു. നമ്മുടെ ഉദാസീനത കൊണ്ടു ഒരു പാപി പോലും നഷ്ടപ്പെട്ടു പോകുവാൻ അവസരം നല്കരുതു. നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്വം മറക്കരുതു. നിങ്ങളുടെ ജീവിതം കർത്താവിന്നായി നിങ്ങൾ ഉഴിഞ്ഞു വെച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ ഇന്നു തന്നെ അതിനായി ഒരുങ്ങുക; പ്രവർത്തിക്കുക; ഫലം ദൈവം തരും. പ്രവർത്തിച്ചില്ലെങ്കിൽ നിങ്ങൾക്കു അയ്യോ കഷ്ടം.

***

# വീക്ഷാ ഗോപുരത്തിലെ യഹോവ

**സാജു ജോർജ്**

## പുറപ്പാട് 3:14,

"ദൈവം മോശയോട്: ഞാൻ ആകുന്നവൻ ഞാൻ ആകുന്നു; ഞാൻ ആകുന്നു എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നിങ്ങനെ നീ യിസ്രായേൽ മക്കളോട് പറയേണം എന്നു കല്പിച്ചു."

കർത്താവായ യേശുക്രിസ്തു 'ഞാൻ ആകുന്നവൻ' എന്ന് അവകാശപ്പെടുന്നതിലൂടെ **(I AM)** തന്റെ ദൈവികത്വം തെളിയിക്കുകയും താൻ ദൈവമാണെന്ന സത്യം വെളിപ്പെടുത്തുകയുമാണെന്ന് ക്രിസ്ത്യാനികൾ സമ്മതിക്കുന്ന കാര്യമാണ്. യോഹന്നാൻ 8:57-58-ൽ "ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു: അബ്രഹാം ജനിച്ചതിന്ന് മുമ്പെ ഞാൻ ഉണ്ട്" എന്ന് യെഹൂദന്മാരോട് ക്രിസ്തു പറയുന്നത് കാണാൻ കഴിയുന്നു. **(before Abraham was, I am)**. യേശുക്രിസ്തു പറഞ്ഞത് എന്താണെന്ന് ക്രിസ്തുവിന്റെ ശത്രുക്കൾ പോലും തിരിച്ചറിഞ്ഞതു കൊണ്ടാണ് അവർ യേശുവിനെ എറിയാൻ കല്ലെടുത്തതു (59-ാം വാക്യം). അവിശ്വാസികളായ യെഹൂദന്മാരുടെ വീക്ഷണത്തിൽ കല്ലെറിയപ്പെടാനുള്ളവിധത്തിൽ ദൈവ ദൂഷണമെന്ന മഹാപാതകമാണ് ക്രിസ്തു ദൈവമെന്ന് അവകാശവാദത്തിലൂടെ നടത്തുന്നത് എന്നു അവർ കരുതി.

യഹോവ സാക്ഷിക്കാർ ഉപദേശിക്കുന്നത്, യേശു പ്രധാന ദൂതനായ മിഖായേലാണെന്നും **(michael the arch angel)** ദൈവമാണെന്ന് ഒരിക്കലും ക്രിസ്തു അവകാശപ്പെട്ടിട്ടില്ലെന്നുമാണ്. ഇക്കാര്യം സ്ഥാപിക്കുന്നതിനായി അവർ ബൈബിളിനെ പോലും തിരുത്തുവാൻ തയ്യാറായി. വീക്ഷാഗോപുര തർജ്ജിമ പ്രകാരം **"This is what you are to say to the sons of Israel, 'I SHALL PROVE TO BE has sent me to you" (Exodus 3:14, NWT) and "most truly I say to you, Before Abraham came into existence, I have been" (John 8:58, NWT).** അപ്രകാരം വീക്ഷാഗോപുരക്കാരുടെ ബൈബിൾ വായിക്കുമ്പോൾ യേശുക്രിസ്തു യോഹന്നാന്റെ സുവിശേഷത്തിൽ വെളിപ്പെടുത്തിയ അവകാശവാദത്തോട് യാതൊരു ബന്ധവും പുറപ്പാട് 3:14-ലെ ഭാഗത്തിന് ഉള്ളതായി തോന്നുകയില്ല.

ഗ്രീക്കോ, എബ്രായ ഭാഷയോ പഠിക്കാതെ തന്നെ ദൈവ വചനം കോട്ടികളയുന്ന വീക്ഷാഗോപുരക്കാരുടെ പ്രവർത്തനത്തെ, അവരുടെ തന്നെ പുസ്തകത്തിലൂടെ തെളിയിക്കുവാൻ കഴിയും. 1984-ൽ അവർ പ്രസിദ്ധീകരിച്ച **New world Translation of the Holy scriptures with References**-ൽ പുറപ്പാട് 3:14-ൽ അടിക്കുറിപ്പായി എബ്രായ ഭാഷയിൽ രേഖപ്പെടുത്തിയ പുറപ്പാട് 3:14-ലെ 'ഞാൻ ആകുന്നവൻ' എന്ന പദത്തിന്റെ സമാനമായി ഗ്രീക്കു ഭാഷയിൽ **'Ego eimi'** അതായത് **'I am'** എന്നാണെന്നു പറയുന്നു. 1985 ലെ അവരുടെ **Kingdom Inter linear translation of the Greek scriptures**- യോഹന്നാൻ 8:58-ലെ യേശുക്രിസ്തുവിന്റെ വാക്കുകൾ **'ego eimi' (foot note), "I am" (Inter linear text)** തന്നെയാണെന്ന് സമ്മതിക്കുന്നു. അപ്പോൾ പുറപ്പാട് 3:14-ലെ അവകാശവും യോഹന്നാൻ 8:58-ലെ അവകാശവാദവും ഒന്നുതന്നെയാണല്ലോ.

## പുറപ്പാട് 3:15

" നീ യിസ്രായേൽ മക്കളോട് ഇപ്രകാരം പറയേണം: അബ്രഹാമിന്റെ ദൈവവും യിസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു; ഇതു എന്നേക്കും എന്റെ നാമവും തലമുറതലമുറയായി എന്റെ ജ്ഞാപകവും ആകുന്നു"

യഹോവ എന്ന പേരിൽ ദൈവത്തെ വിളിക്കുന്നവരായതുകൊണ്ടു യഹോവ സാക്ഷികൾ മാത്രമാണ് സത്യദൈവ ആരാധകർ എന്ന് അവർ സ്വയം അവകാശപ്പെടുന്നു. എന്നേക്കും അല്ലെങ്കിൽ തലമുറതലമുറയായി ദൈവത്തെ ഇപ്രകാരം വിളിക്കണമെന്ന് ഈ വാക്യത്തിൽ ദൈവം ആവശ്യപ്പെടുന്നു എന്ന് അവർ തങ്ങളുടെ പ്രവൃത്തിയെ ന്യായീകരിക്കുവാൻ ചൂണ്ടിക്കാട്ടും.

യഹോവ എന്ന പേരിൽ വിളിക്കുമ്പോൾ മാത്രമേ ദൈവം കേൾക്കുകയുള്ളു എന്നും ക്രിസ്ത്യാനികൾ 'ദൈവം' അല്ലെങ്കിൽ 'കർത്താവ്' എന്ന് വിളിച്ചാൽ സത്യദൈവമല്ല പിശാചായിരിക്കും കേൾക്കുക എന്നും പറയാൻ മടിക്കില്ല. അതുകൊണ്ടു അവർ (Jwക്കാർ) പ്രാർത്ഥനയിൽ യഹോവ എന്ന് എപ്പോഴും ഉപയോഗിക്കുന്നു. ഒരു പ്രാർത്ഥനയിൽ തന്നെ പല തവണ ആ നാമം ആവർത്തിക്കുകയും ചെയ്യും. ഒരു പക്ഷേ അവർ ആരോടാണ് പ്രാർത്ഥിക്കുന്നത് എന്ന് മറന്നു പോകാതിരിക്കാനായിരിക്കും.

പുറപ്പാട് 3:15-ലെ വാക്യം 14-ാം വാക്യവുമായി ഒത്തു നോക്കിയാൽ 'സ്വയം ഭൂവായ നിത്യൻ **(Self-existing Eternal one)** എന്ന അർത്ഥമാണ് **Yahweh** അല്ലെങ്കിൽ **Jehovah** എന്നതിനുള്ളതെന്ന് കാണാം. ദൈവത്തെ അറിയുക എന്നത് ഒരു പേര് ആവർത്തിച്ച് ഉപയോഗിക്കുന്നതല്ല. ദൈവത്തെ ഒരു പേരിൽ ഒതുക്കിനിർത്തുവാൻ കഴിയാത്തവനുമാണല്ലോ. ക്രിസ്തു, മത്തായി 7:22-23-ൽ പറഞ്ഞ ഭാഗം നോക്കുമ്പോൾ "കർത്താവേ, കർത്താവേ, **നിന്റെ നാമത്തിൽ** ഞങ്ങൾ പ്രവചിക്കയും **നിന്റെ നാമത്തിൽ** ഭൂതങ്ങളെ പുറത്താക്കുകയും **നിന്റെ നാമത്തിൽ** വളരെ വീര്യ പ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടുപറയും. അന്നു ഞാൻ അവരോടു: **ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ. എന്നെ വിട്ടു പോകുവിൻ** എന്നു തീർത്തു പറയും" എന്ന് വ്യക്തമാക്കിയതിലൂടെ, വെറും നാമം മാത്രം ഉപയോഗിച്ചതു കൊണ്ട് ദൈവത്തിനു മുമ്പിൽ യാതൊരു അംഗീകാരവും ലഭിക്കുവാൻ സാദ്ധ്യമല്ല എന്നല്ലേ ?

യഹോവ സാക്ഷിക്കാരനായ വ്യക്തിയോട് ക്രിസ്തുവിന്റെ പ്രാർത്ഥനകൾ പരിശോധിക്കുവാൻ പറയൂ.

'യഹോവയായ ദൈവമേ' എന്ന് അഭിസംബോധന ചെയ്തു കൊണ്ട് ക്രിസ്തു തന്റെ പ്രാർത്ഥനകൾ ആരംഭിച്ചതായി കാണിച്ചുതരാമോ എന്ന് ചോദിക്കട്ടെ 'പിതാവേ' എന്നു വിളിച്ചു കൊണ്ടാണ് ക്രിസ്തു പ്രാർത്ഥിച്ചിരുന്നത്. (മത്തായി 11:25, 26:39-42, മർക്കൊസ് 14:36, ലൂക്കോസ് 10:21, 22:42, 23:34, 46, യോഹന്നാൻ 11:41 12:27-28, 17:1-26). എപ്രകാരമാണ് പ്രാർത്ഥിക്കേണ്ടതെന്ന് തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുമ്പോഴും 'ഞങ്ങളുടെ പിതാവേ' (**OUR Father**) മത്തായി6:9, ലൂക്കോസ്11:12- എന്ന് ആരംഭിക്കാനാണ് ക്രിസ്തു പഠിപ്പിച്ചത്. ക്രിസ്ത്യാനികൾക്ക് ദൈവത്തോട്- ഒരു പിതാവെന്ന നിലയിൽ അഭേദ്യമായ ബന്ധമാണ് ഉള്ളത്. അതു കൊണ്ടാണ് അബ്ബാ, പിതാവേ എന്നു വിളിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നത് (റോമർ 8:15, ഗലാത്യർ 4:6).

അപ്പോസ്തലപ്രവർത്തികൾ 4:10-12-വരെ വാക്യങ്ങളിൽ പരിശുദ്ധാത്മനിയോഗത്താൽ പത്രോസ് പറഞ്ഞു "... നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഇവൻ സൗഖ്യമുള്ളവനായി ............നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ **നല്കപ്പെട്ട വേറൊരു നാമവും** ഇല്ല."

ഫിലിപ്പിയർ 2:9-11-വരെ ഭാഗങ്ങളിൽ "അതു കൊണ്ട് ദൈവം അവനെ ഏററവും ഉയർത്തി സകലനാമത്തിനും മേലായ നാമം നല്കി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും **എല്ലാനാവും** "യേശുക്രിസ്തു കർത്താവ്" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏററുപറകയും ചെയ്യേണ്ടിവരും".

സങ്കീർത്തനം 83:18, യെശയ്യാവ് 43:10 എന്നീ ഭാഗങ്ങൾ പഠിക്കുമ്പോഴും ഈ വിഷയത്തെക്കുറിച്ച് വീണ്ടും പഠിക്കാൻ ശ്രമിക്കുന്നതാണ്)

തുടരും.

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജെ.

## V സർദ്ദീസിലെ സഭ (വെളി 3:1-6).

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ആത്മിക മരണാവസ്ഥയിൽ നിന്നും ജീവൻ പ്രാപിക്കാൻ നിങ്ങൾക്ക് ഒരേ ഒരു മാർഗ്ഗം മാത്രമേ ഉള്ളു. "നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും. രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞി പോലെ ആയിത്തീരും." നിങ്ങൾ മനസ്സു വെച്ചു കേട്ടനുസരിക്കുന്നുവെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും. മറുത്തു മൽസരിക്കുന്നു എങ്കിലോ നിങ്ങൾ വാളിന്നിരയായി തീരും; യഹോവയുടെ വായ് അരുളിചെയ്തിരിക്കുന്നു (യെശ.1:18-20).

"അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നമ്മുടെ പാപങ്ങളെ ഏററു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നു വെങ്കിൽ അവനെ അസത്യവാദിയാക്കുന്നു. അവന്റെ വചനം നമ്മിൽ ഇല്ലാതെയായി." (1യോഹ. 1:7,9,10). പാപം മൂലം അശുദ്ധമായ അവസ്ഥയിൽ ജീവിക്കുന്ന ആളുകൾ; വിശുദ്ധി ഉള്ളവരായിതീരണമെങ്കിൽ, യേശുവിന്റെ രക്തമാണ് ആ അവസ്ഥയിലേക്ക് നമ്മെ കൊണ്ടു വരുന്നത്. "യേശുവിന്റെ രക്തം സകല പാപവും പോക്കിനമ്മെ ശുദ്ധീകരി

ക്കുന്നു." 'പാപ മോചന സ്നാനം' സ്വീകരിക്കുന്നതിനാലാണ് ആ അനുഭവം ഓരോരുത്തർക്കും കൈവരിക്കാൻ സാധിക്കുന്നത്.

'പാപ മോചനത്തിനായി സ്നാനം ഏല്പിൻ' എന്ന് അപ്പോസ്തലനായ പത്രോസ് നമ്മെ ഉപദേശിക്കുന്നു (അപ്പോ.2:38). ക്രിസ്ത്യാനി ആകാൻ സ്നാനം ഒരു വിധമേ ഉള്ളു. അത് പാപ മോചനത്തിനു വേണ്ടി ഉള്ളതാണ്, കുഞ്ഞുങ്ങളെ മാമോദിസ കഴിക്കുന്നതോ, വെള്ളം കൊണ്ട് തളിക്കുന്നതോ, വെള്ളത്തിൽ സാക്ഷ്യം വഹിക്കുന്നതോ ആയ ക്രിയ അല്ല സ്നാനം. സ്നാനം യേശു ക്രിസ്തുവിനോട് നമ്മെ ചേർക്കപ്പെടുന്ന ക്രിയയാണ്. ക്രിസ്തുവിന്റെ മരണം, അടക്കം, ഉയർത്തെഴുന്നേല്പ് (**Death, Burial and Resurrection**) ഇവിടെ പ്രാധാന്യമർഹിക്കുന്നു.

അവയോടു നാം പങ്കാളികളായിത്തീരണം. "അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും നാം ഏകീഭവിക്കും" (റോമ 6:5). സ്നാനത്താൽ മാത്രമേ നമുക്ക് കർത്താവിന്റെ മരണത്തോടു പങ്കാളികളാകുവാൻ സാധിക്കുകയുള്ളു. "അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു" (റോമ 6:4). പാപ സംബന്ധമായി മരിച്ച ഓരോരുത്തരും ജലമാകുന്ന കല്ലറയിൽ (**watery grave**) അടക്കം ചെയ്യുമ്പോഴും കല്ലറയിൽ വെച്ച് "യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു". ജലമാകുന്ന കല്ലറയിൽ നിന്നും നാം എഴുന്നേററു പുറത്തു വരുമ്പോഴും യേശുവിന്റെ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോട് നാമും ഏകീഭവിക്കുന്നു" അങ്ങനെ പൂർണ്ണമായി നാം വിശ്വസിക്കണം. "നാം ഇനിപാപത്തിന്ന് അടിമപ്പെടാതെ വണ്ണം പാപശരീരത്തിന്നു നീക്കം വരേണ്ടതിന്നു നമ്മുടെ പഴയ മനുഷ്യൻ (**Our old man**) **is Crucified with Christ)** അവനോടു കൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു" (റോമ 6:6). "അങ്ങനെ മരിച്ചവൻ പാപത്തിൽ

നിന്നു മോചനം പ്രാപിച്ചിരിക്കുന്നു.'' (റോമ 6:7). ഇപ്രകാരം നമുക്ക് ജീവന്റെ പുതുക്കത്തിൽ നടക്കാനും, ഉയർത്തെഴുന്നേററ ക്രിസ്തുവിനോടുള്ള കൂട്ടായ്മ അനുഭവിക്കാനും സാധിക്കും. ആ അവസ്ഥയ്ക്കാണ് ! വീണ്ടും ജനനം (Born, Again) എന്നു, പറയുന്നതു (John. 3:3)

'പുതുമനുഷ്യൻ' (The new man) (Eph 4:24) എന്നോ 'പുതിയ സൃഷ്ടി' (A new ereature) (2കൊരി 5:17); 'ജീവന്റെ പുതുക്കം' (Newness of life) (റോമ 6:5) എന്നോ, രക്ഷിയ്ക്കപ്പെടുക' (To be saved) (മർക്കോ 16:16). എന്നോ, 'ആത്മീയ ജീവൻ' (Spiritual life) എന്നോ പറയുന്നു. ഈ വിധത്തിൽ രക്ഷിക്കപ്പെട്ട ഓരോരുത്തരിലുമാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ദാനം ലഭിക്കുന്നത്. പരിശുദ്ധാത്മാവ് അവരിൽ വസിക്കുകയും ചെയ്യുന്നു. ''ദൈവം തന്നെ അനുസരിക്കുന്നവർക്കു നല്കിയ പരിശുദ്ധാത്മാവും സാക്ഷികളം ആകുന്നു'' (അപ്പൊ 5:32). ഇങ്ങനെയുള്ള ആളുകളുടെ കൂട്ടത്തിനാണ് ക്രിസ്തുവിന്റെ സഭ (church of Christ) അഥവാ ദൈവരാജ്യം, (kingdom of God-kingdom of Heaven)- സ്വർഗ്ഗരാജ്യം-എന്നു പറയുന്നത്. ഇവർക്കാണ് ആത്മീയ ജീവൻ ഉള്ളത്.

ഈ ലോക ജീവിതത്തിൽ ഒരുവന് തികച്ചും ആത്മിക ജീവിതം അന്ത്യത്തോളം നിലനിറുത്താൻ കഴിയുമോ എന്നു പലരും ചോദിക്കാറുണ്ട്. സാധാരണയായി ഇങ്ങനെ ചോദിക്കുന്നത് അനാത്മിക ജീവിതം നയിക്കുന്നവരാണ്. അവരോട് എന്തെല്ലാം പറഞ്ഞാലും വിശ്വസിപ്പിക്കാൻ പ്രയാസമാണ്. മനുഷ്യർക്ക് അസാദ്ധ്യമായ ഒന്നാണ് ക്രിസ്തീയ ജീവിതം (ആത്മീയ ജീവിതം) എങ്കിൽ നമ്മുടെ കർത്താവ് ആ മാർഗ്ഗം നമ്മോട് ഉപദേശിക്കയില്ലായിരുന്നു. ''എന്റെ നുകം വളരെ മൃദുവും ലഘുവും ആകുന്നു.'' എന്നു നമ്മുടെ കർത്താവ് അരുളിചെയ്തിരിക്കുന്നു.

രക്ഷിക്കപ്പെട്ടവർ "ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും." (റോമ. 8:13) പാപരഹിതമായ ഒരു ജീവിതമാണ് ക്രിസ്തീയ ജീവിതം. അപ്രകാരമുള്ള ഒരു ക്രിസ്തീയ ജീവിതം നയിക്കുന്നതിനാവശ്യമായതെല്ലാം പുതിയ നിയമത്തിൽ നമുക്ക് ഉപദേശിച്ചു തന്നിട്ടുണ്ട്. ഒരിക്കൽ യേശുവിനെ പരീക്ഷിക്കാൻ പരീശന്മാർ ഒന്നിച്ചു കൂടി. അവരിൽ ഒരു വൈദികൻ ചോദിച്ചു "ഗുരോ ന്യായപ്രമാണത്തിൽ ഏതു കല്പന വലിയത്" "യേശു അവനോട് നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും, പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത് അതിനോട് സമം; കൂട്ടുകാരനെ നിന്നെ പോലെ തന്നേ സ്നേഹിക്കണം." (മത്താ.22:37-39)

ഓരോരുത്തരും ഈ കല്പനകളെ പാലിക്കുമെങ്കിൽ മറ്റൊരു കല്പനയും ആവശ്യമില്ല. നാം ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്നുണ്ടെങ്കിൽ മറ്റെല്ലാ ദോഷങ്ങളിൽ നിന്നും വിട്ടകന്നു ജീവിക്കും. ഒരു ക്രിസ്ത്യാനി എങ്ങനെ ജീവിക്കണം എന്നു പറയുന്ന നിരവധി ബൈബിൾ വാക്യങ്ങളിൽ ചിലത് നിങ്ങളുടെ അറിവിലേക്ക് കുറിക്കട്ടെ. റോമർ. 12:9-21; ഫിലിപ്പിയർ. 4:8; 1 തെസ്സ.5:14-22; ഗലാത്യർ.5:22,23; 6:7-10; 1 പത്രൊ. 3:8-13; എഫെസ്യർ. 4:25-32;6:1-18; 1യോഹ.2:15-17. ദയവായി പ്രസ്തുത വാക്യങ്ങൾ ബൈബിളിൽ നിന്നും വായിച്ചു അറിയുക. "ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും, വ്യാജഭാവവും, അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെ പോലെ രക്ഷക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ." (1 പത്രൊ.2:1,2).

(ശേഷം അടുത്ത ലക്കത്തിൽ)

★

# All Kerala Christian Fellowship

**Place : Iritty (Kannoor)**

**Dates : 28-30 th December 1992**

Participate and make use of your talents & knowledge in God's Service, Surely it would be a wonderful experience.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N)22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

To

From

**THE BIBLE TRUTH**

Church of Christ
Behind Sanskrit College
Thiruvananthapuram-695034